## പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 23-ാം തീയതി തിങ്കളാഴ്ച

## വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ -30)

151) അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടി ക്രമങ്ങൾ
152) മഞ്ഞപ്പിത്തത്തിന് ചികത്സക്ക് ആവശ്യമായ മരുന്നുകൾ
153) നദീസംയോജന പദ്ധതി
154) കൊതുകുനിവാരണ നടപടികൾ
155) സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളായി നിലനിർത്താൻ നടപടി
156) ഹവാല പണമിടപാട് സംബന്ധിച്ച അന്വേഷണം
157) നഗര വികസനത്തിനുവേണ്ടി നൂതന പദ്ധതികൾ
158) സർക്കാർ ആശുപത്രികളിലെ മരുന്നു ദൗർലഭ്യം
159) സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം
160) സംസ്ഥാനത്ത് പടർന്നു പിടിക്കുന്ന ഡങ്കിപ്പനി
161) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം
162) ഗോവധ നിരോധനം
163) നെബുലൈസർ,ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച അന്വേഷണം
164) ഖാദി ഉത്പാദകരുടെ റിബേറ്റ് തുക
165) ഗവൺമേന്റ് മെഡിക്കൽകോളേജുകളിൽ പോസറ്റുഗ്രാഡുവേറ്റ് പഠനത്തിന് സൗകര്യം
166) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി
167) കുമരകം ബോട്ടപകടത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്.
168) സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ
169) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായം
170) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം,ഫീസ്ഘടന എന്നിവ സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം
171) പേ വിഷബാധക്കെതിരെയുള്ള വാക്സിൻ
172) ഹോളിസ്റ്റിക് ട്രീറ്റ്മെന്റ്
173) മരുന്നുദൗർലഭ്യം പരിഹരിക്കാൻ നടപടി
174) സെറിഫെഡിന്റെ പ്രവർത്തനം
175) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻഫീസ് എന്നിവ പുതുക്കുന്നതിനുള്ള മാനദണ്ഡം
176) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ
177) ഗവൺമെന്റ് ആശുപത്രികളിലെ ജനറേറ്റർ സംവിധാനം
178) നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി
179) ആരോഗ്യമേഖലയിൽ ലോകബാങ്കിന്റെ ധനസഹായം
180) ആരോഗ്യകേന്ദ്രങ്ങളെ 'ടെലി മെഡിസിൻ' സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതി

**അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് പാലിക്കേണ്ട നടപടി ക്രമങ്ങൾ**

*151 പ്രൊഫസർ.സാവിത്രി ലക്ഷ്മണൻ :
ശ്രീ.എം..മുരളി :
ശ്രീ.കെ.ബാബു :
ശ്രീ..കെ.സി.വേണുഗോപാൽ
ശ്രീ.എൻ.ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭിണികൾ, സ്ത്രീകൾ, അവരോടൊപ്പമുള്ള പിഞ്ചു കുഞ്ഞുങ്ങൾ എന്നിവരുടെ അറസ്റ്റ് സംബന്ധിച്ച് സുപ്രീം കോടതി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) അറസ്റ്റ് സംബന്ധിച്ച് മുകളിൽ പറഞ്ഞ കാര്യങ്ങളിൽ സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പോലീസിന്റെയും പൊതുജനങ്ങളുടെയും അറിവിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുമോ :

**ഉത്തരം**

**ശ്രീ . എ. കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ & ബി) ഗർഭിണികൾ, സ്ത്രീകൾ അവരോടൊപ്പമുള്ള പിഞ്ചു കുഞ്ഞുങ്ങൾ എന്നിവരെ അറസ്റ്റു ചെയ്യുന്നതിന് പ്രത്യേകം നിർദ്ദേശമൊന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങളിൽ കൊടുത്തിട്ടില്ല. പൊതു മാർഗ്ഗ നിർദ്ദേശങ്ങലുടെ മലയാളം പതിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി).ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പോലീസിന്റേയും പൊതുജനങ്ങളുടേയും അറിവിനായി എല്ലാ പോലീസ് സ്റ്റേഷനുകളുടേയും മുൻപിൽ ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**<u>മഞ്ഞപ്പിത്തത്തിന് ചികത്സക്ക് ആവശ്യമായ മരുന്നുകൾ</u>**

*152. ശ്രീ.എഴുകോൺ നാരായണൻ :
ശ്രീ.സി.പി.മുഹമ്മദ് :
ശ്രീ.വർക്കല കഹാർ :
ശ്രീ.എം.എ.ചന്ദ്രശേഖരൻ :
ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മുറപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പു വർഷം പനിയും മഞ്ഞപ്പിത്തവും പടർന്ന് പിടിക്കുകയുണ്ടായി ;

(ബി) പ്രസ്തുത രോഗങ്ങൾ മൂലം എത്ര മരണം ഈ വർഷമുണ്ടായി :

(സി)ഗ്രാമീണ ഗവൺമെന്റ് ആശുപത്രികളിൽ ഈ രോഗങ്ങളുടെ ചികിത്സക്കുള്ള മരുന്നുകൾ ലഭ്യമാണോ ;

(ഡി) അവ ലഭ്യമല്ലെങ്കിൽ ഗ്രാമീണ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ നല്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.ശങ്കരൻ (ആരോഗ്യവകുപ്പു മന്ത്രി.)**

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് പ്രധാനമായും പനിയും മഞ്ഞപ്പിത്തവും കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ലഭ്യമായ കണക്കുകളനുസരിച്ച് 5 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.

(സി) ഈ രോഗങ്ങൾക്കുള്ള ചികിത്സാ സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ഉണ്ട്. എന്നാൽ പ്രതിരോധത്തിനുള്ള വാക്സിൻ ഹെപ്പറ്റൈറ്റിസ് □ബി □രോഗത്തിനു മാത്രമേ ലഭ്യമായിട്ടുളളു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നുകളും മറ്റ് ചികിത്സാ സൗകര്യങ്ങളും എല്ലാ ആശുപത്രികളിലും സജ്ജമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

**<u>നദീസംയോജന പദ്ധതി</u>**

*153. ശ്രീ. . എം.വി.ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. . രാജു എബ്രഹാം :
ശ്രീ . വി.കെ.ചന്ദ്രൻ :
ശ്രീ. സാജുപോൾ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന, നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ ദോഷഫലങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ജലവിഭവ വകുപ്പ് ഇത് സംബന്ധിച്ച് ഏതെങ്കിലും ശാസ്ത്രീയ പഠനങ്ങൾ നടത്തുകയുണ്ടായോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിന്റെ പരിസ്ഥിതിയേയും ഭൂഗർഭ ജലലഭ്യതയേയും സാരമായി ബാധിക്കും എന്ന വിദഗ്ദ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട് നദീസംയോജന പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ താല്പര്യം കാണിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിന്റെ ജലം തട്ടിയെടുക്കാനുള്ള തമിഴ്നാട് നീക്കത്തെ സഹായിക്കുന്ന കേന്ദ്ര നടപടികൾക്കെതിരെ ഏത് നിലയിലുള്ള സമ്മർദ്ദ തന്ത്രങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേരളത്തിന്റെ അധികാരത്തിൻമേൽ കൈകടത്തിക്കൊണ്ടുള്ള നദീസംയോജന നീക്കത്തിനെതിരെ ഫലപ്രദമായ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് ;

(ജി) ഈ സമീപനം അവസാനിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം നടത്താൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി. (മുഖ്യ മന്ത്രി):**

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന, നദികളെത്തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ കേരളത്തിലെ നദികളായ പമ്പ, അച്ചൻകോവിൽ എന്നിവയെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട് ടാസ്ക് ഫോർസിന്റെ ചെയർമാൻ ശ്രീ.സുരേഷ് പ്രഭു സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സി.ഡബ്ളിയു.ആർ.ഡി.എം.) കോഴിക്കോട് മുഖാന്തിരം നടത്തിയ പഠനത്തിൽ ഈ നദികളിൽ അധികം ജലമില്ലെന്നും 2050-ാം ആണ്ടോടുകൂടി രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി ഇല്ല.

(ഇ) ജലം ഒരു സംസ്ഥാന വിഷയമായതുകൊണ്ട് പ്രസ്തുത നീക്കത്തെ നിയമപരമായിത്തന്നെ തടയാവുന്നതാണ്. ഇൻഡ്യൻ ഭരണഘടനയിലെ 246-ാം ആർട്ടിക്കിളിലെ 7-ാം പട്ടികയിലെ സ്റ്റേറ്റ് ലിസ്റ്റ് എന്ട്രി 17 അനുസരിച്ച് സംസ്ഥാനത്ത് ഒഴുകുന്ന നദികളുടെ അധികാരം ആ സംസ്ഥാനത്തിൽ നിക്ഷിപ്തമായതിനാൽ, സംസ്ഥാനത്തിന്റെ അനുമതി കൂടാതെ ആ നദിയിൽ നിന്നും ജലം തിരിച്ചുവിടുന്നതിന് കേന്ദ്ര ഗവണ്മെന്റിന് അധികാരമില്ല. ഇക്കാര്യത്തിൽ കേരളത്തിന്റെ എതിർപ്പ് ആവർത്തിച്ച് അറിയിച്ചിട്ടുള്ളതാണ്.

(എഫ്) പമ്പ-അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനുള്ള നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസിയുടെ നിർദ്ദേശത്തേയും, റിപ്പോർട്ടിലെ നിഗമനങ്ങളേയും സംസ്ഥാന സർക്കാർ ശക്തിയുക്തം എതിർക്കുകയുണ്ടായി. തത്ഫലമായി നാഷണൽ വാട്ടർ ഡവലപ്പമെന്റ് ഏജൻസിയും കേരള സർക്കാരും സംയുക്തമായി ഇക്കാര്യത്തിൽ ഒരു പഠനം നടത്തി റിപ്പോർട്ടു തയ്യാറാക്കണമെന്ന് ഇപ്പോൾ തീരുമാനമായിട്ടുണ്ട്.

(ജി) സമ്മർദ്ദം ചെലുത്തുന്നുണ്ട്.

**കൊതുകുനിവാരണ നടപടികൾ**

*154 ശ്രീ. കെ.മുഹമ്മദാലി :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഇ.എം.അഗസ്തി :

ശ്രീമതി. മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുകു നിവാരണ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർത്തിവച്ചിരിക്കുകയാണോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) പ്രസ്തുത നടപടി പൊതുജനാരോഗ്യത്തെ ബാധിച്ചിട്ടുണ്ടോ ;

(ഡി) കൊതുകുനിവാരണ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ.ചെർക്കുളം അബ്ദുള്ള (തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി):-**

(എ) നിർത്തിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) കൊതുകു നിവാരണ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല യിലാണ്. ആ ചുമതല കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

**സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളായി നിലനിർത്താൻ നടപടി**

155 ശ്രീ. പി.എസ്.സുപാൽ .:

ശ്രീ. കെ.പി.രാജേന്ദ്രൻ .:

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സ്വകാര്യ സംരംഭകർക്ക് സ്ഥാപനം നടത്തുവാൻ അനുവാദം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം ഒഴിവാക്കാനാവില്ലെന്ന അഭിപ്രായം ഗവണ്മെന്റിനുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളായി തന്നെ നിലനിർത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.പി. ശങ്കരൻ( ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സ്വകാര്യ സംരംഭകർക്ക് സ്ഥാപനം നടത്തുന്നതിന് അനുവാദം നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് സർക്കാർ സ്ഥലം നൽകും. അവർക്ക് ഈ സ്ഥലത്ത് നിക്ഷേപം ഇറക്കാം. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥത സർക്കാരിനായിരിക്കും. അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യ സംരക്ഷണ സേവനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കുകൾ, ആശുപത്രി ഇൻപേഷ്യന്റ് സൗകര്യങ്ങളായ സാധാരണ വാർഡുകൾ, ഡീലക്സ് പേ വാർഡുകൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ആശുപത്രി മാലിന്യ നിർമ്മാർജ്ജനം, രോഗികൾക്കും രോഗികളുടെ കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള സേവനങ്ങളായ ഭക്ഷണവിതരണം, താമസസൗകര്യം മുതലായ മേഖലകളിലാണ് സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചത്. ഇത് കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രി ക്യാംപസിൽ മിൽമാ ബൂത്തുകളും, ടെലഫോൺ ബൂത്തുകളും പ്രവർത്തിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ പങ്കാളിത്തം പൂർണ്ണമായി ഒഴിവാക്കാനാവില്ല.

(സി) സർക്കാർ ആശുപത്രികൾ, ധർമ്മാശുപത്രികൾ ആയിത്തന്നെയാണ് പ്രവർത്തിക്കുന്നത്. സർക്കാർ ആശുപത്രികളിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് സൗജന്യമായിട്ടാണ് നൽകി വരുന്നത്. എന്നാൽ ആശുപത്രി വികസന കമ്മിറ്റി മുഖേനെ സാമ്പത്തിക ശേഷിയുള്ള ആളുകളിൽ നിന്ന് □യൂസർ ഫീ □എന്ന നിലയിൽ ചെറിയ തുകകൾ ഓരോ സേവനങ്ങൾക്കും ശേഖരിച്ചു വരുന്നുണ്ട്.ഇങ്ങനെ ശേഖരിക്കുന്ന തുക അതാത് സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ നൽകുന്നതിന് ഉതകുന്ന തരത്തിൽ ചെലവഴിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഇത്തരം ചികിത്സകൾ പാവങ്ങൾക്ക് സൗജന്യമായി നൽകി എന്നതു തന്നെ ധർമ്മാശുപത്രികൾ എന്ന തത്വം അംഗീകരിച്ചു കൊണ്ടാണ് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുമ്പോഴും ഈ സൗജന്യം നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ഹവാല പണമിടപാട് സംബന്ധിച്ച അന്വേഷണം**

156. ശ്രീ.. വി.കെ.ചന്ദ്രൻ :

ശ്രീ. പി.സി.ജോർജ്ജ്

ശ്രീ.. എം.വി.ജയരാജൻ

ശ്രീ..എം.വി.ഗോവിന്ദൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ ഹവാല പണം കേരളത്തിലേക്ക് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയുട്ടുണ്ടോ ;

(സി) ഹവാല പണം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ.; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിലേക്ക് ഹവാല പണം കടത്തുന്നതുമായി ബന്ധപ്പെട്ട് തൃശൂർ, മലപ്പുറം സ്വദേശികളെ അറസ്റ്റ് ചെയ്ത വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇവരെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് നടന്ന 336 കോടി രൂപയുടെ ഹവാല പണം ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം:**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹവാല ഇടപാടുമായി ബന്ധപ്പെട്ട് 52 ലക്ഷം രൂപയുമായി അറസ്റ്റുചെയ്തസംഭവത്തിന് ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4 പേരെ അറസ്റ്റ് ചെയ്യുകയയും തുടർന്നുള്ള അനേവഷണത്തിന് എൻഫോഴ്സ്മെന്റിന് മൈാറുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. മൊയ്തീൻഷാ, നാസ്സർ, താജുദ്ദീൻ, ഹനീഫ എന്നീ നാലുപേരെ അറസ്റ്റു ചെയ്തിട്ടുണ്ട. ഗുരുവായൂർ സ്റ്റേഷനിൽ ക്രൈം നമ്പർ 102/03, യു.എസ് 4 (ഡി), 102 സി.ആർ.പി.സി.പ്രകാരം കേസെടുക്കുകയും ആയത് എൻഫോഴ്സ്മെന്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശൂരിൽ ഗുരുവായൂർ പി.എസ്.ക്രൈം നമ്പർ 102/03 ൽ 4 പേരെയും തമിഴ്നാട്ടിൽ മലപ്പുറം സ്വദേശികളായ 7 പേരെയും അറസ്റ്റുചെയ്തിട്ടുണ്ട്

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അന്വേഷണ ഏജൻസിയും മുംബെ പോലീസും അന്വേഷണം നടത്തുന്നതായി അറിവുള്ളതാണ്. കൂടാതെ സംസ്ഥാന വിജിൽൻസും അന്വേഷണം നടത്തിവരുന്നതാണ്. അന്വേഷണാവസ്ഥയിലായതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**നഗര വികസനത്തിനുവേണ്ടി നൂതന പദ്ധതികൾ**

157. ശ്രീ. ലൂഡി ലൂയിസ്
ശ്രീ വി.ഡി. സതീശൻ
ശ്രീ ജോർജ് ജെ. മാത്യു
ശ്രീ ഡി. സുഗതൻ
ശ്രീ. പി.ജെ ജോയി: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര വികസനത്തിനുവേണ്ടി നൂതന പദ്ധതികൾക്ക് രൂപം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമം എന്താണ്;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകേണ്ട അധികാരം ആർക്കാണ്;

(ഇ) ഈ പദ്ധതി പ്രകാരം എത്ര തുക വരെയുള്ള സ്കീമുകൾക്കാണ് രൂപം നൽകാവുന്നത്;

(എഫ്) നൂതന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് എപ്രകാരമാണ് എന്ന് വിശദീകരിക്കാമോ?

**ഉത്തരം:**

**ശ്രീ. ചെർക്കളം അബ്ദുള്ള, (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി)നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഭൗതികവും, സാമ്പത്തികവുമായ വികസനത്തിനാവശ്യമായ നൂതന പദ്ധതികൾ അതാത് നഗരസഭകളാണ് ആവിഷ്ക്കരിക്കുന്നത്. തലസ്ഥാന നഗര വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

(സി) നഗര സഭകൾ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദമായ തയ്യാറാക്കി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

(ഡി) കേരള വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾക്ക് അനുമതി നൽകുന്നത് അതാത് ജില്ലാ ആസൂത്രണ സമിതികളാണ്. മരാമത്ത് പണികൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

(ഇ) പ്രത്യേക പരിധിയൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) പദ്ധതി വിഹിതം ഉപയോഗിച്ചോ, നഗര സഭകളുടെ ഫണ്ടിൽനിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തോ സ്വകാര്യ നിക്ഷേപം സ്വീകരിച്ചോ ഫണ്ട് കണ്ടെത്താവുന്നതാണ്.

**സർക്കാർ ആശുപത്രികളിലെ മരുന്നു ദൗർലഭ്യം**

158. ശ്രീ. ടി.പി. രാമകൃഷ്ണൻ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. വി.ചെന്താമരാക്ഷൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നേരിടുന്ന മരുന്നു ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ സൂക്ഷിക്കണമെന്ന ഉറപ്പ് പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ)പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന വാക്സിനുകൾ സംസ്ഥാനത്തെ ആശുപത്രികളിൽ ലഭിക്കാതായിട്ടം മാസങ്ങളായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് പറയാമോ;

**ഉത്തരം:**
**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്
(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്യാവശ്യമരുന്നുകൾ സംഭരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.
(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവൻ രകഷാമരുന്നുകൾ സംഭരിക്കുവാൻ വെണ്ട എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.
(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ വിഷബാധക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം

159. ശ്രീ. എ.പി. അനിൽകുമാർ
ശ്രീ കെ.സി.ജോസഫ്
ശ്രീ തമ്പാനൂർ രവി
ശ്രീമതി മാലേത്ത് സരളാദേവി
ശ്രീ വി.ജെ.പൗലോസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും സ്വാശ്രയ മെഡിക്കൽകോളേജുകളിലേക്കുള്ള പ്രവേശനം ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ തടഞ്ഞിട്ടുണ്ടോ;
(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രവേശനം തടഞ്ഞത് എന്ന് പറയാമോ;
(സി) സംസ്ഥാനത്ത് സഹകരണ മേഖലയിലുള്ള മെഡിക്കൽകോളേജുകളെ സ്വാശ്രയ മെഡിക്കൽകോളേജിന്റെ ഗണത്തിൽപ്പെടുത്തിയിട്ടുണ്ടോ;
(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

**ഉത്തരം:**
**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) യും (ബി) യും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ 31.3.03 -ലെ കത്തുപ്രകാരം താഴെപ്പറയുന്ന അഞ്ച് മെഡിക്കൽ കോളേജുകളിൽ ഇന്ത്യ ഗവൺമെന്റിന്റെലറ്റർ ഓഫ് ടപെർമിഷൻ ലഭിച്ചതിനുശേഷം മാത്രമേ 2003-04 അദ്ധയയന വർഷത്തേക്ക് പ്രവേശനം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(1) സഹകരണ മെഡിക്കൽകോളേജ്, കൊച്ചി
(2) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫം മെഡിക്കൽ സയൻസസ്, കൊച്ചി
(3) മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ, കോലഞ്ചേരി
(4) പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തിരുവല്ല്.
(5) സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം

എന്നാൽ അതിനുശേഷം 20.05.2003 ലെ ഇന്ത്യ ഗവൺമെന്റിന്റെ കത്തുപ്രകാരം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 2003-04 അദ്ധ്യയന വർഷത്തിൽ രണ്ടാം ബാ*ച്ചിൽ* 100 വിദ്യാർത്ഥികൾക്ക് എം ബി.ബി.എസ് പ്രവേശനം നൽകാൻ അനുവാദം നൽകി. മേർപ്പറഞ്ഞ മെഡിക്കൽകോളേജുകളിൽ 2002-03 അദ്ധ്യയന വർഷത്തേക്കു മാത്രം പ്രവേശനം നടത്തുന്നതിനാണ് ലറ്റർ ഓഫ് പെർമിഷൻ നൽകിയിരുന്നത്. പ്രോജക്ട് റിപ്പോർട്ടിൻ പ്രകാരമുള്ള വാർഷിക ടാർജറ്റ് പ്രാപ്യമാകുന്നതുവരെ എല്ലാവർഷവും പുതുക്കേണ്ടതാണെന്നും വിശദമാക്കിയിരുന്നു. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡങ്ങൾ പ്രകാരം മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും വികസനം പൂർത്തിയാകുന്നതുവരെ വാർഷിക പുനഃപരിശോധന തുടരുമെന്നും ഇന്ത്യഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

(സി) യും (ഡി) യും - ഉണ്ട്.

## സംസ്ഥാനത്ത് പടർന്നു പിടിക്കുന്ന ഡങ്കിപ്പനി

160. ശ്രീ. ബി. വിജയകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഡെങ്കിപ്പനി എന്ന വൈറസ് രോഗം തടയുന്നതിനും ഫലപ്രദമായി പ്രതിരോധിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഡെങ്കിപ്പനിമൂലം സംസ്ഥാനത്തെ ആശുപത്രികളിൽ ഈ വർഷം എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ:

(സി) പ്രസ്തുത രോഗം ബാധിച്ച് മരിച്ചവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഡെങ്കിപ്പനി ബാധിച്ച് മരിച്ച നിർദ്ധനരായവരുടെ ആശ്രിതർക്ക് വേണ്ട സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) രോഗം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്ക് മെച്ചപ്പെട്ടതും സൗജന്യവുമായ വിദഗ്ദ്ധ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ആരോഗ്യവകുപ്പ് നരിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചും കൊതുകു നിർമ്മാർജ്ജനത്തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

**ഉത്തരം:**

**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ഡെങ്കിപ്പനി പരത്തുന്നത് കൊതുകുകളായതിനാൽ കൊതുകു നിർമ്മാർജ്ജനം ജന പങ്കാളിത്തത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലാ-ബ്ളോക്ക്, പഞ്ചായത്ത്-വാർഡ് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കൊതുകു വളരാൻ സാദ്ധ്യതയുള്ള സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നു. രോഗാധ റിപ്പോർട്ടു ചെയ്യുന്ന സ്ഥലങ്ങളിൽ തുടർച്ചയായി ഫോഗിംഗ് നടത്തുന്നു. രോഗബാധ സംശയിക്കുന്നവരുടെ രക്ത സാമ്പിൾ പരിശോധിക്കുന്നു. അരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ളാസുകൾ വഴി കൊതുകു നിർമ്മാർജ്ജനം ഒരു ജനകീയ പരിപാടിയാക്കി മാറ്റുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ജൂൺ രണ്ടാം വാരം വരെ 328 പേർ തിരുവനന്തപുരം-109, കൊല്ലം-4, പത്തനംതിട്ട-5, ആലപ്പുഴ-12, കോട്ടയം-38, ഇടുക്കി-4, ത,ശൂർ-70, പാലക്കാട്-12, മലപ്പുറം-8, കോഴിക്കോട്-2, കണ്ണൂർ-7.

(സി) 15 (പതിനഞ്ച്)

(ഡി) പകർച്ചവ്യാധിമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതികളൊന്നും തന്നെ ആരോഗ്യവകുപ്പിൽ നിലവിലില്ല.

(ഇ) ഡെങ്കിപ്പനി ബാധിച്ച് ചികിത്സക്കായി സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്കായി സൗജന്യരോഗ നിർണ്ണയത്തിനും വിദഗ്ദ്ധ ചികിത്സയ്ക്കും ആവശ്യമായ എല്ലാ സംവിധാനങ്ങളും കേരളത്തിലെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഉദംദ്യൊഗസ്ഥരെ ഉപയോഗിച്ച് രോഗബാധ റിപ്പോർട്ടുചെയ്ത സ്ഥലങ്ങളിൽ തുടർച്ചയായി കൊതുകു നശീകരണത്തിനായി ഫോഗിംഗ് നടത്തുക, കൂത്താടി നാശിനി തളിക്കുക, ജന പങ്കാളിത്തത്തോടെ കൊതുകിന്റെ പ്രജനന സ്ഥലങ്ങൾ നശിപ്പിക്കുക എന്നീ നടപടികൾ നടപ്പാക്കിവരുന്നു. ഇവ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

<u>ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം</u>

161. ശ്രീ. എൻ.ശക്തൻ
പ്രൊഫസർ എ.ഡി മുസ്തഫ
ശ്രീ. എം.എ. ചന്ദ്രശേഖരൻ
ശ്രി. ടി.യു രാധാകൃഷ്ണൻ
ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതിപ്രവർത്തനം സാമ്പത്തിക വർഷം ആരംഭിച്ചാലുടനെ നടത്തത്തക്കവിധത്തിൽ അവയുടെ പദ്ധതികൾക്ക് കാലേകൂട്ടി രൂപം കൊടുക്കാടുന്നതിനും അംഗീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി)ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കുൽ അടുത്ത സാമ്പത്തികവർഷം മുതൽ ഈ രീതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ;

**ഉത്തരം:**

**ശ്രീ. ചെർക്കളം അബ്ദുളള, (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ വാർഷിക ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതിനുളള നടപടി സ്വീകരിച്ചിട്ടുണ്ട.

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗോവധ നിരോധനം**

162. ശ്രീ.വി. ചെന്താമരാക്ഷൻ
ശ്രീമതി. പികെ. ശ്രീമതി ടീച്ചർ
ശ്രീ.കെ.പി സതീശ്ചന്ദ്രൻ
ശ്രീ. പി.ജയരാജൻ; താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഗോവധ നിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര കന്നുകാലി കമ്മീഷന്റെ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിശ്വഹിന്ദുപരിഷത്തുകാർ കേരളത്തിലേക്ക് കൊണ്ടുവരുന്ന പശുക്കൾ ഉൾപ്പെടെയുളള അറവുമാടുകളെ റോഡിൽ തടഞ്ഞ് തിരിച്ചയച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അറവുമാടുകളെ റോഡിൽ തടഞ്ഞവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) യും (ബി) യും. ഗോവധ നിരോധനം സംസഥാനത്ത് നടപ്പിലാക്കുന്ന കാര്യ പരിഗണനയിലില്ല.

(സി) യും (ഡി) യും. ഉണ്ട്., മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**നെബുലൈസർ,ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച അന്വേഷണം**

163. ശ്രീ. ടി.കെ. ദേവകുമാർ
ശ്രീ. മത്തായി ചാക്കോ
ശ്രീ. പിരപ്പൻകോട് മുരളി; താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാശുപത്രികൾക്കായി നെബുലൈസർ,ഇൻസിനറേറ്റർ എന്നിവ വാങ്ങിയത്സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ;

(ബി) മെഡിക്കൽകോളേജ് ആശുപത്രികൾക്കായി വാങ്ങിയ ഇൻസിനറേറ്റർ ഇനിയും സ്ഥാപിക്കാനുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നെബുലൈസർ ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയത്, മൊത്തം എത്രയെണ്ണം വാങ്ങി; ഇതിന്റെ മൊത്തം വിലയെത്ര; ഈ ഇനത്തിൽ എന്തു തുക കമ്പനിക്ക് ഇനിയും നൽകാനുണ്ട്;

(ഡി) മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ച് ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാര് അന്വേഷണം നടത്തുമോ;

ഉത്തരം:
ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-

(എ) ആവശ്യകതയുടെയും, ഫണ്ടിന്റെയും അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ വിപുലമായ പരസ്യം നൽകി, ഗുണനിലവാരം ഉളളതെന്ന് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ സാധനം ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ കമ്പനിയിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നത്. കേരള സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് മാത്രമാണ് ന്ഈ നടപടിക്രമങ്ങൾ.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ വാങ്ങിയ ഇൻസിനറേറ്റർ സ്ഥാനിക്കുവാനുള്ള പണി നടന്നുകൊണ്ടിരിക്കുന്നു. രണ്ടാഴ്ചക്കകം തീരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആലപ്പുഴ മെഡിക്കൽളേജിൽ ജപ്പാൻ കമ്പനിയായി മുരണാക്കാ മെഡിക്കൽ ഇൻസ്ട്രമെന്റ്സിൽ നിന്ന് 71,966 രൂപയ്ക്ക് ഒന്നും, കോഴിക്കോട് മെഡിക്കൽ കോളേജിൽ മൈക്രേലക്സ് കമ്പനിയിൽ നിന്ന് 6300 രൂപയ്ക്ക് മൂന്നും ഗാലക്സ് സിസ്റ്റം കോഴിക്കോട് എന്ന കമ്പനിയിൽ നിന്ന് 4000 രൂപയ്ക്ക് രണ്ടും നെബുലൈസറുകൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ കമ്പനികൾക്ക് ഒരു തുകയും നൽകാനില്ല. മറ്റ് ആശുപത്രികൾക്കായി 98-99 ൽ 1,60,000 രൂപയ്ക്ക് 100 എണ്ണം സബർവാൾ സർജിക്കൽ കമ്പനി, കോയമ്പത്തൂരിൽ നിന്നും 2000-01 ൽ 2,99,155 രൂപയ്ക്ക് 153 എണ്ണംഎസ്.എസ്. മെഡിലൈൻ, തിരുവനന്തപുരത്തുനിന്നും 2001-02 ൽ 98,280 രൂപയ്ക്ക് 54 എണ്ണം തൃശൂരിലെ തൃശൂർ സർജിക്കലിൽ നിന്നും വാങ്ങി. മേൽപ്പറഞ്ഞ കമ്പനികൾക്ക് തുക നൽകാനില്ല. 2002-03 ൽ നിദേക് മെഡിക്കൽ ഇൻഡ്യ(പ്രൈ.) ലിമിറ്റഡ് കൽക്കട്ടയിൽ നിന്ന് 5,85,000 രൂപയ്ക്ക് 300 എണ്ണം വാങ്ങിയത് വിതരണം തുടരുന്നതേയുള്ളു. വിതരണം കഴിഞ്ഞേ തുക കൊടുക്കേണ്ടതുള്ളു.

(ഡി) മാനദണ്ഡങ്ങൾക്കനൃസൃതമായാണ് ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

## ഖാദി ഉത്പാദകരുടെ റിബേറ്റ് തുക

164. ശ്രീ. അടൂർ പ്രകാശ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.ജെ. പൗലോസ്
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രമാവികസനവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഉര്ൽപാദക സ്ഥാപനങ്ങൾക്ക് റിബേറ്റിനത്തിൽ കേന്ദ്രത്തിൽനിന്നും എന്തു തുക കിട്ടാനുണ്ട്;

(ബി) സംസ്ഥാന ഗവൺമെന്റ് ഇൗയിനത്തിൽ ഖാദി ഉൽപാദക സ്ഥാപനങ്ങൾക്ക് എന്തു തുക കൊടുക്കുവാനുണ്ട്?

**ഉത്തരം;-**
**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി):-**

(എ) 31-03-2003 വരെ 112.41 ലക്ഷം രൂപ കിട്ടാനുണ്ട്.

(ബി) 31-03-2003 വരെ 721.54 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ സർക്കാർ കൊടുക്കാനുണ്ട്.

## ഗവൺമേന്റ് മെഡിക്കൽകോളേജുകളിൽ പോസറ്റുഗ്രാഡുവേറ്റ് പഠനത്തിന് സൗകര്യം

165. ശ്രീ.പി.ടി.തോമസ്
ശ്രീ.ഡി. സുഗതൻ
ശ്രീ.പി.ജെ.ജോയി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഗവൺമെന്റ് മെഡിക്കൽകോളേജുകളിൽ പോസ്റ്റുഗ്രാഡുവേറ്റ് പഠനത്തിന് സൗകര്യമില്ലാത്ത ഏതെങ്കിലും കോളേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതുമെഡിക്കൽകോളേജിലാണ് ഈ സൗകര്യം നിലവിലില്ലാത്തതെന്നു പറയുമോ;

((ബി) പോസ്റ്റുഗ്രാഡുവേറ്റ് പഠനസൗകര്യമുള്ള മെഡിക്കൽകോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലാണ് പോസ്റ്റുഗ്രാഡുവേറ്റ് കോഴ്സുകൾ നടത്തുന്നതെന്ന് പറയുമോ;

(സി) ന്യൂക്ളിയർ മെഡിസിൻ എന്നിവയിൽ പോസ്റ്റുഗ്രാഡുവേറ്റ് കോഴ്സ് ഇഫ്പോൾ നടത്തുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ, ഈ വിഷയങ്ങളിൽ പോസ്റ്റുഗ്രാഡുവേറ്റ് കോഴ്സുകൾ തുടങ്ങുവാൻ നടപടി കൈക്കൊള്ളുമോ;

**ഉത്തരം:**
**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) 22-ഓളം പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്കാണ് വിവിധ മെഡിക്കൽ കോളേജുകളിലായി ഇപ്പോൾ പഠന സൗകര്യം നിലവിലുള്ളത്. തൃശൂർ ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ വളരെ കുറച്ചുമാത്രമേ പഠന സൗകര്യമുള്ളു. മറ്റ് മെഡിക്കൽ കോളേജുകളായ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ മിക്കവാറും എല്ലാകോഴ്സുകളും നടത്തുന്നുണ്ട്.

(ബി) അനസ്തേഷ്യ, ബയോകെമിസ്ട്രി, ഫോറൻസിക് മെഡിസിൻ, ഡെർമറ്റോളജി, വെനീയറോളജി ആന്റ് ലെപ്രസി, ജനറൽ മെഡിസിൻ, മൈക്രോബയോളജി, ഒബ്സ്റ്റസ്ട്രിക്സ് ആന്റ് ഗൈനക്കോളജി, പത്തോളജി, ഫാർമക്കോളജി, ഫിസിയോളജി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, പീഡിയാട്രിക്സ്, സൈക്കിയാട്രി, റേഡിയോ തെറാപ്പി, റേഡിയോ ഡയഗ്നോസിസ്, കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് റെസ്പിരേട്ടറി മെഡിസിൻ, അനാട്ടമി, ഇ.എൻ.റ്റി, ജനറൽ സർജറി, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ് എന്നീ പി.ജി. കോഴ്സുകളും ഇതുപോലുള്ള 14 വിഷയങ്ങളിൽ പി.ജി. ഡിപ്ളോമ കോഴ്സുകളുമാണ് നടത്തുന്നത്.

(സി) നടത്തുന്നില്ല.

(ഡി) നിലവിലുള്ള പല കോഴ്സുകൾ നടത്തുന്നതിനുള്ള അപര്യാപ്തതകൾ പരിഹരിച്ചിട്ടു മാത്രമേ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈൊള്ളുവാൻ കഴിയുകയുള്ളു.

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

166. ശ്രീ.പി.നാരായണൻ

ശ്രീ. ബിനോയ് വിശ്വം: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദംദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പരിരകഷകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എപ്പോൾ മുതൽ ലഭിച്ചുതുടങ്ങുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:**

**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്..

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് ഫ്രയോജനം ലഭിക്കത്തക്ക വിധമുള്ള പദ്ധതിയാണ്. ശരാശരി അഞ്ച് ംംഗങ്ങളുള്ള കുടുംഭത്തിന് പ്രതിവർഷം 20,000 രൂപ ആശുപത്രിയിലെ ചികിത്സാ ചെലവായി ലഭിക്കും. മരുന്നിന്റെ വില ഇൻഷ്വറൻസ് കമ്പനി സർക്കാരാശുപത്രിയിലെ ലാബോറട്ടറിയിൽ ചെലവാകുന്ന തുക സർക്കാർ അംഗീകരിച്ച നിരക്കിൽ രോഗിക്ക് തിരിച്ച് നൽകാനും മരുന്നും രോഗ പരിശോധനയും ആശുപത്രിയ്ക്ക് പുറത്തുനിന്ന് സ്വീകരിക്കുന്നതെങ്കിൽ ഇൻഷ്വറൻസ് കമ്പനി നേരിട്ട് ആ തുക അതതു സ്ഥാപനങ്ങൾക്ക് നൽകും ഗുരുതരമായ പരിക്കോ അസുഖമോ പ്രസവ സംബന്ധമായ അസുഖമോ മൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള യാത്രാചെലവ് പരമാവധി 500 രൂപ വരെ നൽകുന്നതാണ്. രോഗി ആശുപത്രിയിൽ എത്തിയശേഷം രോഗിയെ കൊണ്ടുവരുന്നയാളിന് ഈ തുക നൽകുന്നതാണ്. മൃത ദേഹം കൊണ്ടുപോകുന്നതിന് 1000 രൂപ വരെ യാത്രാചെലവ് നൽകുന്നതാണ്. തീരാവ്യാധി പിടിപെട്ട് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് പ്രയോജനം ലഭിക്കുന്ന സർക്കാർ ആശുപത്രിയിലോ സർക്കാർ നിശ്ചയിക്കുന്ന സ്വകാര്യ ആശുപത്രിയിലോ വച്ച് ശസ്ത്രക്രീയയോടുകൂടെയുള്ള പ്രസവങ്ങൾക്ക് പദ്ധതി പ്രയോജനം ചെയ്യുന്നു. കൂട്ടുകുടുംബങ്ങളിലാണെങ്കിൽ മാതാപിതാക്കളെ കൂടാതെ പേരക്കുട്ടികൾക്കും ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കും.

(സി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്തുവരികയാണ്.

## കുമരകം ബോട്ടപകടത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

167. ശ്രീ.കെ. രാധാകൃഷ്ണൻ

ഡോക്ടർ തോമസ് ഐസക്
ശ്രീ.കെ.വി. കുഞ്ഞിരാമൻ
ശ്രീ. മത്തായി ചാക്കോ; താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 29 പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;
(ബി) എങ്കിൽ എന്നാണ് ലഭിച്ചത്;
(സി) റിപ്പോർട്ടിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;
(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;
(ഇ) ബോട്ടപകടത്തിനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;
(എഫ്) അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രീതർക്ക് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;
(ജി) കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുമോ;

**ഉത്തരം:**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഉണ്ട്.
(ബി) 30.04.2003-ൽ
(സി),(ഡി) ആന്റ് ഇ . റിപ്പോർട്ട് സർക്കാർ പഠിച്ചുവരുകയാണ്.
(എഫ്) തീരുമാനമായിട്ടില്ല.
(ജി) റിപ്പോർട്ട് പഠിച്ചശേഷം നടപടിക്കുറിപ്ുമായി മേശപ്പുറത്തു വയ്ക്കുന്നതാണ്.

## <u>സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ</u>

168. ശ്രീ. വി.കെ.സി. മമ്മത്കോയ
ശ്രീ. പി. ജയരാജൻ
ശ്രീ.കെ.വി. കുഞ്ഞിരാമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിവിധതരം ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;
(ബി) മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപ കമ്പനികൾക്ക് നൽകാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(സി)നെബുലൈസർ, ഇൻസിനറേറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങിച്ച ഇനത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര തുക വീതം കമ്പനികൾക്ക് നൽകുവാനുണ്ടെന്ന് പറയാമോ;
(ഡി) മാലിന്യങ്ങൾ കത്തിച്ചുകളയുന്നതിനായി വാങ്ങിയ ഇൻസിനറേറ്റർ ഏതെല്ലാം ആശുപത്രികളിലാണ് സ്ഥാപിച്ചിട്ടുള്ളത്; മൊത്തം എത്രയെണ്ണം വാങ്ങി; എന്നാണ് അവ വാങ്ങിയത്; ഓരോന്നിനും ഇതിനായി ചെലവാക്കിയ തുക എത്ര?

**ഉത്തരം:**
**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ആവശ്യകതയുടെയും ഫണ്ടിന്റെയും പരിഗണനയിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ വിപുലമായ പരസ്യം നൽകി സാധനങ്ങൾ നേരിൽ കണ്ട് പരിശോധിച്ച് ഗുണനിലവാരമുള്ളതാണെന്ന് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ സാധനം ഏറ്റവും കുറഞ്ഞ വിലയ്ക്കുള്ളത് വാങ്ങുകയാണ് ചെയ്യുന്നത്. കേരള സ്റ്റോർ പർച്ചേസ് നിയമം അനുസരിച്ച് മാത്രമാണ് ഈ നടപടി ക്രമങ്ങൾ.
(ബി) ഇല്ല.
(സി) വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | കമ്പനിയുടെ പേര് | തുക | അഭിപ്രായം |
|---|---|---|---|---|
| 2002-03 | നെബുലൈസർ | നിദേക് മെഡിക്കൽ ഇൻഡ്യാ ലിമിറ്റഡ്, കൽക്കത്ത | 5,85,00/ | സപ്ളൈ ചെയ്തിട്ടില്ല. വിതരണ കാലാവധി തുടരുന്നു |

| | | | | |
|---|---|---|---|---|
| 2002-03 | ഇൻസിനറേറ്റർ | എസ്കോ ഫർണസ്, കോയംപത്തൂർ | 8,68,992/ | സ്ഥാപിച്ചിട്ടില്ല. വിതരണ കാലാവധി തുടരുന്നു |

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

**ആരോഗ്യ വകുപ്പു ഡയറക്ടർ വാങ്ങിയത്**

| വർഷം | എണ്ണം | സ്ഥാപിച്ച/അനുവദിച്ച സ്ഥലം | ചെലവാക്കിയ തുക-രൂപ | അഭിപ്രായം |
|---|---|---|---|---|
| 1998-99 | 1 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 6 ലക്ഷം | 5 എണ്ണം അനുവദിച്ചെങ്കിലും അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ 4 എണ്ണം ക്യാൻസൽ ചെയ്തു. |
| 1999-2000 | 3 | ജില്ലാ ആശുപത്രി, പാലക്കാട്, ജില്ലാ ആശുപത്രി, തൃശൂർ, ജില്ലാ ആശുപത്രി, കൊല്ലം | 25,50,000/ | |
| 2002-03 | 1 | ജില്ലാ ആശുപത്രി, മഞ്ചേരി | 8,68,992/ | സ്ഥാപിച്ചിട്ടില്ല. സ്ഥാപിത കാലാവധി തുടരുന്നു. ഈ തുക നൽകിയിട്ടില്ല. |

**മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പു വാങ്ങിയത്**

| | | | | |
|---|---|---|---|---|
| 1997-98 | 1 | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി | 2,95,400/ | |
| 1998 | 1 | കോഴിക്കോട് മെഡിക്കൽ കോളേജ് | 5,90,000/ | |
| 09.02.2000 | 1 | തൃശൂർ മെഡിക്കൽ കോളേജാശുപത്രി | 5,35,800/ | |

തിരുവനന്തപുരം മെഡിക്കൽകോളേജാശുപത്രിയിൽ 2 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഒന്ന് കെ.എച്.ആർ.ഡബ്ള്യു.എസ്.ഉം ഒന്ന് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമാണ് വാങ്ങിയത്. അതിനാൽ ഇതിന്റെ വിലവിവരവും വാങ്ങിയ തീയതിയും അറിയില്ല.

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായം</u>**

169. ശ്രീ. ടി.കെ. ബാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായം നൽകുന്നതിൽ പാലിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി) എത്ര തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവ നൽകു.ന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം:**
**ശ്രീ. ചെർക്കളം അബ്ദുള്ള, (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി):-**

(എ) തദംദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുവിഭാഗത്തിലെ ജനസംഖ്യ പട്ടിക വർഗ്ഗ ജനസംഖ്യ, വനപ്രദേശങ്ങൾ ഒഴിച്ചുള്ള ഭൂപ്രദേശം, നെൽക,ഷി പ്രദേശത്തിന്റെ വിസ്തൃതി, തനതു വരുമാനം, കരഷക തൊഴിലാളികൾ, കാലി വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ, കക്കൂസ് ഇല്ലാത്ത

വീടുകൾ, വൈദ്യുതി ഇല്ലാത്ത വീടുകൾ എന്നീ സൂചകങ്ങളുടെ വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതം നൽകുന്നത്.

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി 2003-04-ലെ ബഡ്ജറ്റിൽ 244,95 കോടി രൂപ വകയിരുത്തിയിട്ടുണ്ട. വിശദാംശങ്ങൾ അനുന്ധമായി ചേർക്കുന്നു.

(സി) നവീകരണ പരിപാടികൾക്ക് വേണ്ടിയുള്ള ഉപസമിതികളും ടാസ്ക് ഫോഴ്സുകളും സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ അന്തിമതീരുമാനം ആയതിനുശേഷം മാത്രമേ നിബന്ധനകൾ വ്യക്തമാക്കാൻ കഴിയുകയുള്ളു.

<u>അനുബന്ധം</u>

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിർവഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള സർക്കാർ നവീകരണ പരിപാടികൾ:</u>

| | | |
|---|---|---|
| 1 | ആസ്തി പുനരുദ്ധാരണ ഫണ്ട് | 60.00 കോടി രൂപ |
| 2 | സോഷ്യൽ ആഡിറ്റ് പ്രവർത്തനക്ഷമമാക്കൽ | 5.70 കോടി രൂപ |
| 3 | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ | 3.25 കോടി രൂപ |
| 4 | സേവന ലഭ്യത മെച്ചപ്പെടുത്തൽ | 5.00 കോടി രൂപ |
| 5 | ആക്ഷൻ പ്ളാൻ നടപ്പാക്കൽ | 73.00 കോടി രൂപ |
| 6 | കുടിവെള്ള പദ്ധതികൾ പുനരുദ്ധതരിക്കൽ | 25.00 കോടി രൂപ |
| 7 | സ്വത്തു നികുതി നിർണ്ണയിക്കുന്നതിന് പുതിയ ചട്ടങ്ങൾ തയ്യാറാക്കുക | 5.00 കോടി രൂപ |
| 8 | ധനകാര്യ മാനേജുമെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കൽ | 5.00 കോടി രൂപ |
| 9 | പ്രദമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തൽ | 15.00 കോടി രൂപ |
| 10 | സമൂഹ്യ സുരക്ഷിതത്വത്തിനും അഗതികളുടെ പരിരക്ഷയ്ക്കും പൈലറ്റ് പ്രോജക്ട് | 48.00 കോട രൂപ |
| | ആകെ | 244.95 കോടി രൂപ |

## <u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം,ഫീസ്ഘടന എന്നിവ സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം</u>

170. ശ്രീമതി. മേഴ്സി രവി
ശ്രീ. കെ. മുഹമ്മദാലി
ശ്രീ. ഇ.എം അഗസ്തി
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം,ഫീസ്ഘടന എന്നിവ സംബന്ധിച്ച് കേന്ദ്ര ഗവൺമേന്റിൽ നിന്നും ഏതെങ്കിലും മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനംന എന്നിവയുടെ കാര്യത്തിൽ മാർഗ്ഗ രേഖ അംഗീകരിച്ചിട്ടുണ്ടോ?

**ഉത്തരം:**

**ശ്രീ. പി ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) പ്രസ്തുത മാർഗ്ഗരേഖകളിൽ ചിലത് താഴെക്കൊടുക്കുന്നു.

1. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ ഫീസ് അതാത് സ്ഥാപനങ്ങൾക്കുതന്നെ നിശ്ചയിക്കാവുന്നതും എന്നാൽ അത് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും കൂടി നിരക്കിൽ കവിയാൻ പാടില്ലാത്തതുമാണ്. സംസ്ഥാന സർക്കാരിന്റെ നിയമവും നയവും അനുസരിച്ച് ഒരു സ്ഥാപനത്തെ എയ്ഡഡ്/ അൺഎയ്ഡഡ് എന്നോ ന്യൂനപക്ഷമെന്നോ അല്ലെന്നോ സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.
2. മെരിറ്റടിസ്ഥാനത്തിൽ സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ സീറ്റുകളുടെ ശതമാനം സംസ്ഥാന സർക്കാരിന് നിശ്ചയിക്കാവുന്നതാണ്. അപ്രകാരമുള്ള സീറ്റുകളുടെ ഫീസ് നിരക്ക് അതാത് സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവന്നതും കൗൺസിലിംഗിനുമുൻപായി ഇപസ്തുത ഫീസ് നിരക്കിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

3. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞത് 75 ശതമാനം സീറ്റുകൾ, സർക്കാർ ഏജൻസി നടത്തുന്ന പൊതുപ്രവേശന പരീക്ഷ വിജയിച്ചവരിൽ നിന്നായിരിക്കണം. ന്യൂനപക്ഷ പദവി ഇല്ലാത്ത പ്രൈവറ്റ് എയ്ഡഡ് സ്ഥാപനങ്ങളിലെ എല്ലാ സീറ്റി=ുകളും റിസർവേഷൻ നയങ്ങൾ പാലിച്ചുകൊണ്ട പൊതുപ്രവേശന പരീക്ഷ പാസ്സായവരിൽ നിന്നും കൗൺസിലിംഗ് മുഖേന സംസ്ഥാന സർക്കാരിന് നികത്താവുന്നതാണ്.
4. പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ വേണ്ടുന്ന നിയമങ്ങൾ/മാർഗ്ഗരേഖകൾ പുറപ്പെടുവിക്കേണ്ടതാണ്.
5. പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസ് നിരീക്ഷിക്കുന്നതിനായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇത് സംബന്ധിച്ച മാർഗ്ഗരേഖ അടുത്തകാലത്താണ് സംസ്ഥാന സർക്കാരിന് ലഭിച്ചത്. ഇത് പരിശോധിച്ചുവരുന്നു.

**<u>പേ വിഷബാധക്കെതിരെയുള്ള വാക്സിൻ</u>**

*171.. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേ വിഷബാധക്കെതിരെയുള്ള ആന്റി റാബീസ് വാക്സിന്റെ വിതരണം നിർത്തിവയ്ക്കാൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടി മൂലം പേ വിഷബാധ ബാധിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പേ വിഷബാധക്കെതിരെയുള്ള വാക്സിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പേ വിഷബാധക്കെതിരെയുള്ള വാക്സിൻ എവിടെനിന്നുമാണ് സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പ് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ, ടി സമിതി അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):**

(എ) ഹ്യുമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം വിതരണം ചെയ്ത ആന്റിറാബീസ് വാക്സിന്റെ ഉപയോഗം ആരോഗ്യവകുപ്പ് ഡയറക്ടർ മരവിപ്പിച്ചിട്ടുണ്ട്.

(ബി) 2002 ഒക്ടോബർ മാസത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ഈ സ്ഥാപനം വിതരണം ചെയ്ത ആന്റിറാബീസ് വാക്സിൻ ഉപയോഗിച്ചപ്പോൾ റിയാക്ഷൻ ഉണ്ടായതായുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത വാക്സിന്റെ ഉപയോഗം മരവിപ്പിക്കാൻ ഉത്തരവാകുകയും, വാക്സിന്റെ വിതരണം നിർത്തിവയ്ക്കുകയും ഉണ്ടായി..

(സി) ഇല്ല. പേ വിഷബാധ ബാധിച്ചവർക്ക് ആന്റിറാബീസ് വാക്സിൻ നൽകുന്നതിന് ബുദ്ധിമുട്ടുകളില്ല.

(ഡി) വാക്സിൻ ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ അംഗീകൃത കമ്പനികളിൽ നിന്നും മരുന്നു വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

(ഇ) ബോംബെയിലുള്ള അവന്തീസ് ഫാർമ, പൂനയിലുള്ള സെറം ഇൻസ്റ്റിറ്റൂട്ട് എന്നീ കമ്പനികളാണ് മരുന്നു വിതരണം ചെയ്യുന്നത്.

(എഫ്) വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ഹിമാചൽ പ്രദേശിലെ കസൗളയിലുള്ള ഭാരതസർക്കാർ സ്ഥാപനമായ സെൻട്രൽ ഡ്രഗ് ലാബിലാണ്. ലാബിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പരിശോധിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ജി) സമിതിയെ നിയമിച്ച ശേഷമേ റിപ്പോർട്ടും അതിലെ വിശദാംശങ്ങലും വെളിപ്പെടുത്തുവാൻ നിർവ്വാഹമുള്ളു.

**<u>ഹോളിസ്റ്റിക് ട്രീറ്റ്മെന്റ്</u>**

*172. ശ്രീ. ടി.എൻ പ്രതാപൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. എൻ.ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിൽ എവിടെയെങ്കിലും ഹോളിസ്റ്റിക്ക് ട്രീറ്റ്മെന്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഏതെല്ലാം രീതിയിലുള്ള ചികിൽസകളാണ് ഇവിടെ ലഭ്യമായിട്ടുള്ളത് ;

(ഡി) ഗവൺമെന്റ് ആശുപത്രികളിൽ ഹോളിസ്റ്റിക്ക് ട്രീറ്റ്മെന്റിന് ഇപ്പോൾ സൗകര്യമില്ലാത്തപക്ഷം അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ00000?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):**

(എ) നിലവിലുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലും എല്ലാ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രികളിലും ഈ ട്രീറ്റ്മെന്റ് നിലവിലുണ്ട്.

(സി) യോഗ, മെഡിറ്റേഷൻ, പ്രകൃതി ചികിത്സ, ബയോഫീഡ് ബാക്ക് തുടങ്ങി സംഘർഷം കുറയ്ക്കുന്നതിനും ആശ്വാസം ലഭിക്കുന്നതിന് ഉതകുന്നതുമായ ചികിത്സാരീതിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഹോളിസ്റ്റിക് ട്രീറ്റ്മെന്റ് നൽകുന്നതിനാവശ്യമായ വിദഗ്ദ്ധരുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**<u>മരുന്നുദൗർലഭ്യം പരിഹരിക്കാൻ നടപടി</u>**

*173. ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വെളിപ്പെടുത്തുമോ ; ഏതൊക്കെ മരുന്നുകളാണ് ആരോഗ്യവകുപ്പ് പതിവായി വാങ്ങുന്നത്;

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുകളുടേയും മറ്റ് അവശ്യസാധനങ്ങളുടേയും ദൗർലഭ്യം അനുഭവപ്പെടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മരുന്നിന്റെയും മറ്റും ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആരോഗ്യവകുപ്പിൽ മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തു നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുവെന്ന് പറയുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):**

(എ)ആരോഗ്യവകുപ്പിലേക്കാവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റിയാണ് വാങ്ങുന്നത്. ഓരോ വർഷവും ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെ ഇൻന്റ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ശേഖരിച്ച് അയച്ചുകൊടുക്കുന്നത് സെൻട്രൽ പർച്ചേസ് കമ്മിറ്റി കൂടി, വാർഷിക ഇന്റന്റിന്റെ അടിസ്ഥാനത്തിൽ സി.പി.സി. തെരഞ്ഞെടുത്ത കമ്പനികളിൽ നിന്നും റേറ്റുകൾ ശേഖരിക്കുകയും, ആയത് മാർക്കറ്റ് റേറ്റുമായി താരതമ്യം ചെയ്ത് ഗുണനിലവാരം ഉറപ്പാക്കി കമ്പനികളുമായി വിലപേശി വിലകൾ ഉറപ്പിക്കുകയും ചെയ്യുന്നു. കമ്പനികൾ ഓരോ ജില്ലയ്ക്കും വേണ്ട മരുന്നുകൾ 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യുന്നു. ആരോഗ്യവകുപ്പു ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ്, ഡ്രഗ്സ് കൺട്രോളർ, അഡീഷണൽ സെക്രട്ടറി ഫൈനാൻസ് (സെക്രട്ടേറിയറ്റ്), ജോയിന്റ് സെക്രട്ടറി, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റ്(സെക്രട്ടേറിയറ്റ്) എന്നിവരാണ് സി.പി.സി.യിലെ അംഗങ്ങൾ. ആരോഗ്യവകുപ്പു ഡയറക്ടറും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഓരോ വർഷവും മാറി മാറി ചെയർമാൻമാരായി ഇരിക്കുന്നതാണ്.

അനാൽജസിക്ക്, ആന്റിപൈറ്റിക്സ്, ആന്റി ഇൻഫ്ളുമാറ്റി, ആന്റിബയോട്ടിക്കുകൾ, ആന്റിബാക്ടീരിയൽസ്, ആന്റി ട്യൂബർക്കുലർ, ആർ.റ്റി.ഡ്രഗ്സ്, അനസ്തറ്റിക് ഡ്രഗ്സ്, ആന്റി അലർജിക് ഡ്രഗ്സ്, ആന്റിഡോട്ട്സ്, ആന്റിഎപ്പിലെപ്റ്റിക് ഡ്രഗ്സ്, ആന്റിഫംഗൽ, ആന്റിസൈറൽ, ആന്റിഫൈലേറിയ, മലേറിയ, ലെപ്രോട്ടിക് പാർക്കിൻസോണിയ, ഡ്രഗ്സ് ഇഫക്ടിംഗ് ദി ബ്ളഡ്, കാർഡിയോ വാസ്ക്കുലർ, ഡെർമറ്റോളജിക്കൽ, ഒഫ്താൽമിക്, ഗൈനക് ആന്റ് ഒബ്സ്റ്ററിക്, സൈക്കോട്രോപ്പിക് ഡ്രഗ്സ്, ഐ.വി. ഫ്ളൂയിഡ്, ഡിസ്ഇൻഫെക്ട്സ്, ആന്റിസെപ്റ്റിക്സ്, ഡൈയുറേറ്റിക്സ്, ജി.ഐ.റ്റി. ഡ്രഗ്സ്,

ഹോർമോൺസ് ആന്റ് എൻഡോക്രീൻ ഡ്രഗ്സ്, ഇമ്മ്യൂണോളജിക്കൽസ്, വിറ്റാമിൻസ് ആന്റ് മിനറൽസ്, സർജിക്കൽ ആന്റ് മെഡിക്കൽ ഡിവൈസസ്, സുച്ചേഴ്സ്, ബ്ളഡ് ഗ്രൂപ്പിംഗ് സെറം ആന്റ് ടെസ്റ്റിംഗ് കിറ്റ്സ്, ബ്ളഡ് ബാഗ്സ്, ആന്റി കാൻസർ ഡ്രഗ്സ് തുടങ്ങിയ മരുന്നുകളാണ് ആരോഗ്യവകുപ്പ് പതിവായി വാങ്ങുന്നത്.

ഹോമിയോപ്പതി വകുപ്പ് മരുന്നു വാങ്ങുന്നത് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും സർക്കാർ അനുമതിയോടെയാണ്. ആയുർവേദ വകുപ്പിന് ആവശ്യമായ മരുന്നുകൾ ഗവൺമെന്റ് അധീനതയിലുള്ള 'ഔഷധി' മുഖേനയാണ് വാങ്ങുന്നത്.

(ബി) ഇത്തരം സാഹചര്യം നിലവിലില്ല

(സി) ആവശ്യമായ മരുന്നുകൾ വാങ്ങി സംഭരിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയാണ് മരുന്നുകൾ വാങ്ങുന്നത്. ഇതിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.

**സെറിഫെഡിന്റെ പ്രവർത്തനം**

*174. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെ പ്രവർത്തനം കേന്ദ്രബോർഡായ സിൽക്കിന്റെ നിലപാടു മൂലം മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെറിഫെഡിന്റെ ജീവനക്കാർക്ക് കഴിഞ്ഞ കുറെ മാസക്കാലമായി ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ഇത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** :

(എ) കേന്ദ്ര സിൽക്ക് ബോർഡിന്റെ നിലപാടുമൂലം സെറിഫെഡിന്റെ പ്രവർത്തനം മന്ദഗതിയിലായിട്ടില്ല.

(ബി) ഉണ്ട്.

(സി) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് 3.6.03-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ.554/2003/വ്യവസായം പ്രകാരം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻഫീസ് എന്നിവ പുതുക്കുന്നതിനുള്ള മാനദണ്ഡം**

*175. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായാൻ സർക്കാർഡ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** :

(എ) (ബി)&(സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സർച്ചാർജ്ജ് എന്നിവ കുറയ്ക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

*176. ശ്രീ. സാജുപോൾ :
ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ശുചിത്വകേരളം പദ്ധതി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ ;

(സി) ഏതെല്ലാം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ ;

(ഡി) പൊതുജന പങ്കാളിത്തത്തോടെയും മറ്റു സാമൂഹ്യസംഘടനകളുടെ സഹായത്തോടെയും ശുചീകരണ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പരിസരശുദ്ധീകരണവും ജലാശയങ്ങളുടെ സംരക്ഷണവും കാര്യക്ഷമമായി നടപ്പാക്കാത്തതു കാരണം സംസ്ഥാനത്ത് പലവിധ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

(എ) കേരളം മാലിന്യ മോചിതമാക്കുക എന്നതാണ് ക്ളീൻ കേരള പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഖരമാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) ക്ളീൻ കേരള പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും തെരഞ്ഞെടുക്കപ്പെട്ട പ്രധാന പഞ്ചായത്തു വാർഡുകളിലും രാത്രികാല ശുചീകരണം ഏർപ്പെടുത്തി. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുമായി സമയബന്ധിത ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും ഈ പദ്ധതി നടപ്പാക്കി വരുന്നു. മഞ്ചേശ്വരം, മംഗൽപ്പാടി, കുമ്പള, മൊഗ്രാൽപ്പുത്തൂർ, ചെമ്മനാട്, പുല്ലൂർ പെരിയ, മടിക്കൈ, നീലേശ്വരം, ചെറുവത്തൂർ, പീലിക്കോട്, സുൽത്താൻബത്തേരി, കട്ടപ്പന, കൊട്ടാരക്കര, പന്തളം, വിഴിഞ്ഞം, മൂന്നാർ, കോഴഞ്ചേരി, ഏറ്റുമാനൂർ, തൃക്കാക്കര, ഫറോക്ക്, ചെറുവണ്ണൂർ-നല്ലളം, രാമനാട്ടുകര, എടക്കാട്, വളപട്ടണം എന്നീ പഞ്ചായത്തുകളിലെ പ്രധാന ടൗൺ ഉൾപ്പെടുന്ന പഞ്ചായത്ത് വാർഡുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുജന പങ്കാളിത്തത്തോടെയും കുടുംബശ്രീ ഉൾപ്പെടെയുള്ള മറ്റ് സാമൂഹ്യസംഘടനകളുടേയും സഹായത്തോടെയും സഹകരണത്തോടെയും ക്ളീൻ കേരള പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ഇ) ഉണ്ട്. ഇതിന് പരിഹാരം കാണാൻ ശുചീകരണ പ്രവർത്തനങ്ങളും കൊതുകുനിവാരണ പ്രവർത്തനങ്ങളും നടത്തി പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.

<u>ഗവൺമെന്റ് ആശുപത്രികളിലെ ജനറേറ്റർ സംവിധാനം</u>

*177. ശ്രീ.എം. മുരളി :
ശ്രീലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശസ്ത്രക്രിയകൾ നടത്തുന്നതും ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകിയിട്ടുണ്ടോ ;

(ബി) ജനറേറ്ററുകൾ ഇല്ലാത്ത ഗവൺമെന്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ വൈദ്യുതിക്കട്ട് ഉള്ള സമയങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഗവൺമെന്റ് ആശുപത്രികളിൽ ജനറേറ്ററുകൾ നൽകുവാൻ അടിയന്തിര നടപടി എടുക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) വൈദ്യുതി കട്ട് ഉള്ള സമയങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

## നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി

*178. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. പി.കെ.കെ. ബാവ :
താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെയായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബിസംവരണ ക്വാട്ടയിൽ അരഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്കവിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്കവിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി എങ്കിൽ എപ്പോൾ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) 9..11..2001-ൽ ആണ് ജസ്റ്റീസ് ശ്രീ. കെ.കെ. നരേന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള മൂന്നംഗ കമ്മിഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത്. റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം ശുപാർശകളെ സംബന്ധിച്ച് സഭയിൽ ചർച്ചക്കായി സമർപ്പിക്കുവാൻ 3..4..2002-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 12..06..2002-ൽ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1..8..2000-ൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് ശേഖരിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് കണക്കാക്കിയിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി)&(ഡി) നിയമസഭയുടെ ചർച്ചയുടേയും രാഷ്ട്രീയ പാർട്ടികളുമായുള്ള ചർച്ചയുടേയും വെളിച്ചത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

## ആരോഗ്യമേഖലയിൽ ലോകബാങ്കിന്റെ ധനസഹായം

*179. ശ്രീ. എ.കെ. ബാലൻ :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ലോകബാങ്ക് പദ്ധതി എന്നു മുതൽക്കാണ് സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് ഇതു സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തുവാൻ തയ്യാറാവുമോ;

(എഫ്) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ലോകബാങ്കിൽ നിന്നും വായ്പ എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):**

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി കേന്ദ്രഗവൺമെന്റിന്റെ ഹെൽത്ത്, പ്ളാനിംഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ് തുടങ്ങിയ വകുപ്പുകളുമായുള്ള ചർച്ചയ്ക്കുശേഷം ലോകബാങ്കിന് സമർപ്പിച്ചു കഴിഞ്ഞു.

(ബി) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ലോകബാങ്കുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ രൂപരേഖ പൂർണ്ണമാവുകയുള്ളു.

(ഡി) പദ്ധതിക്ക് അംഗീകാരം കിട്ടിയാൽ മാത്രമേ ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൽ ലഭ്യമാവുകയുള്ളു.

(ഇ) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ ചർച്ചകൾ നടത്തുവാൻ തയ്യാറാണ്.

(എഫ്) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്കു മാത്രമേ വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളു.

**ആരോഗ്യകേന്ദ്രങ്ങളെ 'ടെലി മെഡിസിൻ' സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതി**

*180. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളേയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളേയും 'ടെലി മെഡിസിൻ' സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ആരോഗ്യരംഗത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്. തൽക്കാലം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, മഞ്ചേരി ജില്ലാ ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ബി) 2003 ആഗസ്റ്റ് മാസത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ' ടെലി മെഡിസിൻ' സൗകര്യം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെ സാങ്കേതിക വിദ്യയിലൂടെ അടിയന്തിര വിദഗ്ദ്ധ ചികിത്സക്കുള്ള ഉപദേശം ലഭിക്കുന്നതാണ്. രോഗികളെ റഫർ ചെയ്യാതെ ചികിത്സ നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും